**383**

എന്റെ പേർക്കായ് ജീവൻ വെടിഞ്ഞ നിന്റെ സ്വന്തം ഞാനിനി
അന്തരംഗേ-മാം വാഴുക നീയേ സന്തതമേശു നായകാ!

1 മമ കൊടുംപാതക ശിക്ഷകളേറ്റ തിരുവുടൽ ക്രൂശിൽ കേ ൻ ഞാൻ
ഹൃദി വളരുന്നേ പ്രിയം നിന്നിൽ മതിയിനി പാപ ജീവിതം-

2 സ്വന്തനിണമതാൽ എൻ മഹാപാപ വൻകടം തീർത്ത നാഥനേ!
എന്തേകിടും നിൻ കൃപയ്ക്കായിട്ടെൻ ജീവിതം പുൽപോലെയാം!

3 കൃപയെഴുമങ്ങേ വിളിയെക്കേട്ടു വരുന്നിതാ ഞാനും നായകാ!
അരുളിച്ചെയ്താലും അനുസരിച്ചിടാം അടിമ നിനക്കെന്നാളുമേ-

4 കടലിൻമീതെ നടന്നവനേ! ലോകക്കടലിൻമീതേ നടത്തണമെന്നെ
കടലിൽ താഴും പേത്രനെയുയർത്തിയ കരമതിലെന്നെയുമേറ്റണേ-

5 അലഞ്ഞുഴലും ശിശുവാകാതെ ഞാൻ അലകളിൻ മീതേ ഓടിടും
ബലവുമെനിക്കെൻ ജീവനും നീയേ മതിയവലംബം നായകാ!- **P.A.J.**